ഭരണഭാഷ-മാതൃഭാഷ

# അനെർട്ട്
# ANERT

Agency for New and Renewable Energy Research and Technology

നവീനവും പുനരുപയോഗയോഗ്യവുമായ ഊർജ്ജ ഗവേഷണങ്ങൾക്കും സാങ്കേതിക വിദ്യകൾക്കുമുള്ള ഏജൻസി

(Department of Power, Government of Kerala)

15 YEARS OF CELEBRATING THE MAHATMA

നം. ANERT-TECH/127/2021-COA(EV) 20/12/2021

## സർക്കുലർ

വിഷയം : അനെർട്ട് – ഇ മൊബിലിറ്റി സെൽ –ഇ കാർ – ലീസ് കോൺട്രാക്ട് നൽകുന്നത് സംബന്ധിച്ച് :-

സൂചന : നമ്പർ ANERT-TECH-55/2020/D-T തീയതി 21/10/2021 – ലെ സർക്കുലർ

മേൽ സൂചനയിൽ ഇലക്ട്രിക്ക് കാറുകൾ ലീസ് വ്യവസ്ഥയിൽ നൽകുന്നതിനുള്ള വിശദമായ സർക്കുലർ നൽകിയിരുന്നു . എന്നാൽ 01 – 01 –2022 മുതൽ താഴെ പറയുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി ഉത്തരവാകുന്നു .

നിലവിൽ വിവിധ വകുപ്പുകളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഇലക്ട്രിക്ക് വാഹനങ്ങൾ ലീസ് വ്യവസ്ഥയിൽ എടുക്കുന്നതിന് വളരെയധികം അപേക്ഷകൾ എത്തുന്നുണ്ട് . എന്നാൽ ലീസ് വ്യവസ്ഥയിൽ എടുക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചതാണോ , മാസവാടക തുക അടയ്ക്കുന്നതിന് സർക്കാരിന്റെ ഭരണാനുമതി പ്രകാരം തുക അനുവദിച്ചിട്ടുണ്ടോ , തുടങ്ങിയ കാര്യങ്ങൾ അറിയുവാൻ സാധിക്കുന്നില്ല . കൂടാതെ ഇ കാറുകൾ ലീസ് വ്യവസ്ഥയിൽ എടുത്ത കുറച്ച് വകുപ്പുകൾക്ക് ഭരണാനുമതി പ്രകാരം തുക അനുവദിക്കാത്തതിനാൽ കൃത്യ സമയത്ത് വാടക നൽകുന്നതിന് സാധിക്കുന്നില്ല .

ആയതിനാൽ 01 – 01 –2022 മുതൽ ഇ കാറുകൾ ലീസ് വ്യവസ്ഥയിൽ ലഭ്യമാകുന്നതിന് താഴെ പറയുന്ന രീതിയിൽ അഡ്വാൻസ് തുക അനെർട്ടിൽ നൽകേണ്ടതാണ് .

1. ഇലക്ട്രിക്ക് വാഹനം ലഭ്യമാകുന്നതിന് ഒരു സാമ്പത്തിക വർഷം മുഴുവനായി വാഹനത്തിനുള്ള വാടക അഡ്വാൻസായി നൽകേണ്ടതാണ് . അതായത് ജനുവരി 2022 ന് വാഹനം വേണ്ടവർ മാർച്ച് 2022 വരെയുള്ള വാടക (2021 – 2022 സാമ്പത്തിക വർഷം) അഡ്വാൻസായി നൽകേണ്ടതാണ് . കൂടാതെ ഏപ്രിൽ 2022 ന് വാഹനം എടുക്കുന്നവർ ഒരു സാമ്പത്തിക വർഷത്തെ വാടക മുൻകൂറായി നൽകേണ്ടതാണ് (ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ) . മെയ് 2022 ന് വാഹനം എടുക്കുന്നവർ മെയ് മാസം മുതൽ മാർച്ച് 2023 (11 മാസം ) വാടക മുൻകൂറായി നൽകേണ്ടതാണ് . ഈ രീതിയിൽ അഡ്വാൻസ് തുക അനെർട്ടിൽ നൽകേണ്ടതാണ് . കൂടാതെ ഈ സാമ്പത്തിക വർഷം 2022 മാർച്ച് അഡ്വാൻസ് തുക അടച്ച വകുപ്പുകൾ ഏപ്രിൽ 2022 ന് അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള വാടക തുക (ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ ) മുൻകൂറായി നൽകേണ്ടതാണ് . വാഹനത്തോടൊപ്പം ഡ്രൈവർ ആവശ്യമുള്ളവർ മേൽ പറഞ്ഞ രീതിയിൽ ഡ്രൈവർമാരുടെ അഡ്വാൻസ് തുകയും അനെർട്ടിൽ നൽകേണ്ടതാണ് .
2. കൂടാതെ ഇലക്ട്രിക്ക് കാറുകൾ ലീസ് വ്യവസ്ഥയിൽ എടുക്കുന്നതിന് അതാത് സാമ്പത്തിക വർഷം ലീസ് തുക അനുവദിച്ചതിൻെറ വിശദ വിവരം , ഇലക്ട്രിക്ക് കാറുകൾ അനെർട്ടിൽ നിന്നും എടുക്കുന്നതിനുള്ള അനുവാദത്തിന്റെ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം നൽകേണ്ടതാണ് .

Narendra Nath Veluri IFS
Chief Executive Officer

പകർപ്പ് : (1) എല്ലാ സർക്കാർ വകുപ്പുകളും
(2) ഫിനാൻസ് സെക്ഷൻ , അനെർട്ട്